**അറബിമാസമായ റബീഉൽ അവ്വൽ 12–നാണ് മുഹമ്മദ് നബി ജനിച്ചത്. ആ മാസത്തിലാണ് നാം ഇപ്പോൾ**

# കുട്ടികളുടെ നബി

• ബഷീർ തൃപ്പനച്ചി

മുഹമ്മദ് നബിക്ക് കുട്ടികളെയെല്ലാം എന്ത് ഇഷ്ടമായിരുന്നെന്നോ..

കുട്ടികൾക്കൊപ്പം കുട്ടികളെ പോലെ കളിയിലേർപ്പെടുമായിരുന്നു നബി. ഹസനും ഹുസൈനും നബിയുടെ പേരക്കുട്ടികളാണ്. ചിലപ്പോൾ നബി അവരെ കാണാൻ ചെല്ലുമ്പോൾ അവർ കൂട്ടുകാർക്കൊപ്പം കളിക്കുകയായിരിക്കും. അപ്പോൾ അവരിലൊരാളായി നബിയും ആ കളിതമാശകളിൽ പങ്കു ചേരും. നബി അവരെ തോളിലും മുതുകിലുമേറ്റി ആന സവാരി കളിക്കാറുണ്ടായിരുന്നു.

ഉമൈറെന്ന കുട്ടിക്ക് ഒരു കുഞ്ഞിക്കിളിയുണ്ടായിരുന്നു. നബി അവനെ കാണുമ്പോളെല്ലാം ആ കുഞ്ഞിക്കിളിയുടെ വിശേഷങ്ങൾ അന്വേഷിക്കുമായിരുന്നു.

കുട്ടികളെ ഏറെ സ്നേഹിച്ച നബി നമസ്കാരത്തിൽ പോലും അവരെ ചേർത്തു നിർത്തുമായിരുന്നു. പേരക്കുട്ടി ഉമാമയെ ഒക്കത്തിരുത്തി നബി ജനങ്ങൾക്ക് ഇമാമായി നമസ്കരിച്ചതായി ചരിത്രം പറയുന്നു. നബിയുടെ നേതൃത്വത്തിൽ നടക്കുന്ന സംഘടിത നമസ്കാരത്തിനിടയിൽ ഒരു കൊച്ചു കുഞ്ഞ് കരഞ്ഞപ്പോൾ ഈ കുട്ടിയുടെ ഉമ്മ പ്രയാസപ്പെടാതിരിക്കാൻ നമസ്കാരം പെട്ടെന്ന് നിർവഹിച്ചുതീർത്ത നബിയേയും ചരിത്രത്തിൽ കാണാം.

കുട്ടികളിൽ നല്ല പ്രവർത്തനങ്ങൾ കണ്ടാൽ നബി അവരെ അടുത്തേക്ക് വിളിച്ച് പ്രാർത്ഥിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു.

ഇങ്ങനെ കുട്ടികളായിരിക്കെ നബിയുടെ പ്രാർത്ഥന ലഭിച്ചവർ പിന്നീട് വലിയ ദൗത്യങ്ങൾ നിർവഹിച്ച നേതാക്കളായി മാറിയിട്ടുണ്ട്. കുട്ടികളോടുള്ള ഇഷ്ടം അവരോട് തന്നെ തുറന്നു പറയുന്ന സ്വഭാവക്കാരനായിരുന്നു പ്രവാചകൻ. സമ്മാനങ്ങൾ നൽകേണ്ടവർക്ക് അതും നബി നൽകാറുണ്ടായിരുന്നു.

കളിതമാശകളിൽ മാത്രമല്ല, നബിയുടെ എല്ലാ കൂടിച്ചേരലുകളിലും കുട്ടികൾക്ക് സ്ഥാനമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ കുട്ടികൾക്ക് നബിയെ വലിയ ഇഷ്ടമായിരുന്നു. അതിനാലാണ് വെറും ബാലനായ അലി, നബിയുടെ മാർഗനിർദേശങ്ങൾ കേട്ട് ആ



▸▸ അരയാലിന്റെ ശാസ്ത്രീയ നാമം– ഫൈക്കസ് റിലിജിയോസ

## ബിരിയാണി

കൂട്ടുകാർക്ക് ബിരിയാണി വലിയ ഇഷ്ട മായിരിക്കും അല്ലേ.. എന്നാലറിഞ്ഞോളൂ.. 2019 ൽ ഇന്ത്യക്കാർ ഏറ്റവുമധികം ഗൂഗിളിൽ തിരഞ്ഞത് ബിരിയാണി എന്ന വിഭവത്തെ കുറിച്ചാണ്. വറുത്തത്, പൊരിച്ചത് എ ന്നൊക്കെ അർത്ഥമുള്ള ബിരിയൻ എന്ന പേർഷ്യൻ വാക്കിൽ നിന്നാണ് ബിരിയാ ണിക്ക് ആ പേർ ലഭിച്ചത്.



വഴിയിൽ വരാൻ ഞാനുണ്ടെ ന്ന് പറഞ്ഞ് കൂടെ കൂടിയത്.

മുതിർന്നവർ ചർച്ച ചെയ്യുന്ന വിഷയങ്ങളും അവർ നിർവ ഹിക്കുന്ന ദൗത്യങ്ങളും കുട്ടി കൾ ചെറുപ്പത്തിലേ കണ്ടും കേട്ടും പഠിക്കട്ടെ എന്നായിരു ന്നു നബിയുടെ നിലപാട്. ജീ വിതത്തിൽ ചെറുപ്പം തൊട്ടേ പാലിക്കേണ്ട മര്യാദകളും നല്ല ശീലങ്ങളും കുട്ടികളെ നേരിട്ടു വിളിച്ചു വരുത്തി നബി പഠിപ്പി ക്കാറുണ്ടായിരുന്നു. കുട്ടിയായ അനസിനെ ഒരിക്കൽ ചേർ ത്തുനിർത്തി നബിയിങ്ങനെ പറഞ്ഞു: ''മോനേ, നീ ഒരു വീട്ടിലേക്ക് പ്രവേശിക്കും മുമ്പ് സലാം പറഞ്ഞ് അനുവാദം വാങ്ങുക''.

മറ്റൊരിക്കൽ ഉമറുബ്നു അബൂ സലമ എന്ന കുട്ടി യെ അരികെ വിളിച്ച് നബി പറഞ്ഞു: ''മോനേ, നീ ഭക്ഷ ണം കഴിക്കുമ്പോൾ വലതു കൈ കൊണ്ട് ബിസ്മി ചൊല്ലി കഴിക്കുക. ഒരുപാത്രത്തിൽ നി ന്ന് പല ആളുകൾ ഭക്ഷിക്കു മ്പോൾ നിന്റെ ഭാഗത്ത് നിന്നു മാത്രം ഭക്ഷിക്കുക''.

ഇങ്ങനെ ഏഴാം വയസ്സിൽ തന്നെ കുട്ടികളെ നമസ്കാരം പഠിപ്പിക്കാനും നൻമയുടെ ശീലങ്ങൾ പകർന്നു കൊടു ക്കാനും നബി ശ്രദ്ധിച്ചിരുന്നു. വലിയ വലിയ കാര്യങ്ങളുമാ യി മുതിർന്നവർക്കിടയിൽ ജീ വിക്കുമ്പോൾ തന്നെ കുട്ടിക ളിൽ ഒരാളായി അവർക്കൊപ്പം കളിയിലും ചിരിയിലും കാര്യ ത്തിലുമൊക്കെ നബി ഒപ്പമു ണ്ടായിരുന്നു.

മുഹമ്മദ് നബി ജനിച്ച റബീഉൽ അവ്വലി(അറബി മാസം)ലാണ് നമ്മളിപ്പോൾ ഉള്ളത്. മുഹമ്മദ് നബിയെ കുറിച്ച് പഠിക്കാനുള്ള ഒരു പാട് പുസ്തകങ്ങളും മറ്റും ഇപ്പോൾ ഉണ്ട്. അവയെല്ലാം വായിച്ച്, നബിയുടെ സ്വഭാ വഗുണങ്ങൾ ജീവിതത്തിൽ പകർത്താൻ കൂട്ടുകാരെല്ലാം ശ്രമിക്കുമല്ലോ അല്ലേ..



▸▸ ലോകത്തിലെ ഏറ്റവും വലിയ സസ്യോദ്യാനം– റോയൽ ബോട്ടാണിക് ഗാർഡൺ– ഇംഗ്ലണ്ട്